പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1781 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|

**മാതൃകാ അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ള 115 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടികളിൽ 51 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | ഭരണാനുമതി നൽകിയവയുടെ എണ്ണം | പൂർത്തികരിച്ചവ |
|---|---|---|
| തിരുവനന്തപുരം | 11 | 8 |
| കൊല്ലം | 7 | 4 |
| പത്തനംതിട്ട | 5 | 1 |
| ആലപ്പുഴ | 8 | 2 |
| കോട്ടയം | 9 | 1 |
| ഇടുക്കി | 5 | 3 |
| എറണാകുളം | 9 | 5 |
| തൃശ്ശൂർ | 8 | 3 |
| പാലക്കാട് | 10 | 5 |
| മലപ്പുറം | 15 | 8 |
| വയനാട് | 3 | 1 |
| കോഴിക്കോട് | 10 | -- |
| കണ്ണൂർ | 11 | 7 |
| കാസർഗോഡ് | 4 | 3 |
| **ആകെ** | **115** | **51** |

| | |
|---|---|
| (ബി) ഇവിടങ്ങളിൽ പുതിയതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (ബി). മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്കുള്ള സേവനങ്ങളാണ് നൽകുന്നത്. 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കായി പ്രീ സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര വിതരണം എന്നിവ നൽകുന്നു. സ്ത്രീകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നു. കൂടാതെ വിവിധ പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്ക് പകൽവീട് സൗകര്യം മാതൃകാ അങ്കണവാടികളിൽ ഒരുക്കുന്നു. |

സെക്ഷൻ ഓഫീസർ